എ5/13856/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി:8/4/2014

**സർക്കുലർ**

വിഷയം:- സാമൂഹ്യനീതി വകുപ്പ് - 2014-15 ലെ എക്സ്പെൻഡിച്ചർ ഡാറ്റാ എൻട്രി എംഐഎസ് വഴി നടത്തുന്നത് - സംബന്ധിച്ച്

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 25/3/14 ലെ സർക്കുലർ നം.എ1-12000/13

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ വരുന്ന എല്ലാ കീഴ് കാര്യാലയങ്ങളിലെയും മാർച്ച് മാസം മുതലുള്ള DORE സ്റ്റേറ്റുമെന്റുകൾ MIS വഴി നൽകാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ പല കീഴ് കാര്യാലയങ്ങളിലും ഇത് പാലിക്കപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ ഉടൻതന്നെ MIS ൽ പ്രവേശിക്കുന്നതിനുള്ള പാസ് വേഡും യൂസർ ഐഡിയും ലഭിക്കുന്നതിന് എല്ലാ കീഴ് കാര്യാലയങ്ങളും ഓഫീസിന്റെ പേര് വ്യക്തമായി മനസിലാക്കത്തക്ക രീതിയിലുള്ള `ഇ മെയിൽ` വിലാസം നിർമ്മിച്ച് ആ വിവരം ഡയറക്ടറേറ്റിലെ ഐ.റ്റി. സെല്ലിൽ അറിയിച്ച് യൂസർ ഐഡിയും പാസ് വേഡും വാങ്ങേണ്ടതാണ്. ഒപ്പം 2014 മാർച്ച് മാസത്തെ Progressive Total ഉൾപ്പെടെയുള്ള എക്സ്പെൻഡിച്ചറുകൾ MIS ൽ എൻട്രി നടത്തി ഓഫീസ് മേധാവികൾ അപ്രൂവ് ചെയ്യേണ്ടതുമാണ്. തുടർന്ന് ഏപ്രിൽ മുതൽ മാറുന്ന തുകകൾ MIS ൽ എൻട്രി ചെയ്യേണ്ടതും ഓഫീസ് മേധാവികൾ സമയാസമയം അപ്രൂവ് ചെയ്ത് അയയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. ഈ ഓഫീസിലെ ബിൽ സെക്ഷനും (DORE MIS വഴി നൽകേണ്ടതാണ്)

പകർപ്പ്:

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട്, ബിൽ സെക്ഷൻ
3. സൂപ്രണ്ട്, പ്ളാനിംഗ് സെക്ഷൻ
4. സൂപ്രണ്ട്, ഐ.ടി. സെക്ഷൻ
5. ഐ.ടി.സെൽ
6. ഡയറക്ടറുടെ സി.എ
7. സ്റ്റോക്ക് ഫയൽ

LK/13